REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **06-01-2026** **സമയം** **06.45 AM**

## പ്രധാന വാർത്തകൾ

- **ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുകയാണ് വികസിത് ഭാരത് G RAM G നിയമത്തിന്റെ പ്രധാന ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**
- **എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിലെ വേതന പരിധി പുതുക്കുന്നതിൽ നാലു മാസത്തിനകം തീരുമാനമെടുക്കാൻ സുപ്രീംകോടതി നിർദ്ദേശം.**
- **കേന്ദ്ര സഹമന്ത്രി ഡോ.L .മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.**
- **അർഹരായ മുഴുവൻ പേരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു.**
- **അണ്ടർ -19 യൂത്ത് ക്രിക്കറ്റ് രണ്ടാം ഏകദിനത്തിലും ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുകയാണ് വികസിത് ഭാരത് G RAM G നിയമത്തിന്റെ പ്രധാന ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി. തൊഴിൽ ലഭ്യത ഉറപ്പാക്കാനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും ഗ്രാമങ്ങളെ സ്വയാശ്രിതമാക്കാനും ആവശ്യമായ വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് അദ്ദേഹം തമിഴ്നാട്ടിലെ ഈറോഡിൽ പറഞ്ഞു. പൊതുജനപങ്കാളിത്തത്തോടെ വികസിതവും, ഐശ്വര്യസമൃദ്ധവുമായ ഗ്രാമങ്ങളെ സൃഷ്ടിക്കാനാവുമെന്ന് ശിവരാജ് സിംഗ്

ചൗഹാൻ വിശ്വാസം പ്രകടിപ്പിച്ചു. കർഷക തൊഴിലാളികളെയും, മേഖലയിൽ പ്രവർത്തിക്കുന്നവരെയും അഭിസംബോധന ചെയ്യുകയായിരുന്നു ചൗഹാൻ.

തൊഴിൽദിനങ്ങളുടെ എണ്ണം നൂറിൽ നിന്ന് 125 ആയി വർദ്ധിപ്പിച്ചതും, സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കിയതും, അഴിമതി ഒഴിവാക്കാൻ കർശന വ്യവസ്ഥകൾ ഏർപ്പെടുത്തിയതും പദ്ധതിയെ കൂടുതൽ ഗുണപരമാക്കിയതായി കേന്ദ്രമന്ത്രി പറഞ്ഞു. തൊഴിൽ നൽകാൻ കഴിയാത്തപക്ഷം തൊഴിലില്ലായ്മ വേതനം നൽകണമെന്ന വ്യവസ്ഥയും സുപ്രധാനമാണെന്ന് ശിവരാജ് സിംഗ് ചൗഹാൻ വിശദീകരിച്ചു.

✪✪✪

കുട്ടികളിലെ പോഷകാഹാര കുറവ് നേരിടാനാവശ്യമായ സുസ്ഥിര തന്ത്രങ്ങൾക്ക് രൂപംനൽകുന്ന CSR കോൺക്ലേവ് കേന്ദ്രമന്ത്രി അമിത്ഷാ ഇന്ന് ഡൽഹി വിജ്ഞാൻഭവനിൽ ഉദ്ഘാടനം ചെയ്യും. 'പോഷക സുരക്ഷ ഉറപ്പാക്കുന്നതിലും, പോഷകാഹാര കുറവ് നിർമ്മാർജ്ജനത്തിലും കോർപറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത' എന്നതാണ് കോൺക്ലേവിന്റെ പ്രമേയം. ഭിലായ് ഉരുക്കുനിർമ്മാണ ശാലയുടെ ഗിഫ്റ്റ് മിൽക്ക് പരിപാടിയുടെ മൂന്നാം ഘട്ടത്തിനും ചടങ്ങിൽ അമിത്ഷാ തുടക്കമിടും. IDBI ബാങ്കിന്റെ ശിശുസഞ്ജീവനി പദ്ധതിയും അമിത്ഷാ ഉദ്ഘാടനം ചെയ്യും.

✪✪✪

മലയാളമടക്കം ക്ലാസിക്കൽ ഭാഷകളുടെ സെന്റർ ഓഫ് എക്സലൻസുകൾ തയ്യാറാക്കിയ 41 സാഹിത്യകൃതികൾ കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ ഇന്ന് ഡൽഹിയിൽ പ്രകാശനം ചെയ്യും. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ നേതൃത്വത്തിലാണ് പുസ്തകങ്ങൾ സമാഹരിച്ചത്. ഇതോടൊപ്പം ആംഗ്യഭാഷയിൽ തയ്യാറാക്കിയ തിരുക്കുറൽ വ്യാഖ്യാനത്തിന്റെ 45 എപ്പിസോഡും ധർമ്മേന്ദ്രപ്രധാൻ പ്രകാശനം ചെയ്യും.

✪✪✪

സജീവ ഭരണ നിർവഹണത്തിനും സമയ ബന്ധിത നടപ്പാക്കലിനും പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച ഫ്ലാഗ്ഷിപ് പദ്ധതി 'പ്രഗതി' അമ്പത് യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ച് നിർണായക നാഴികക്കല്ല് പിന്നിട്ടു. 2015 ൽ നരേന്ദ്ര മോദി ആരംഭിച്ച പ്രഗതി,രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. രാജ്യത്തെ ജലാശയങ്ങൾ നിർമ്മിക്കാനും പുനരുജ്ജീവിപ്പിക്കാനും ലക്ഷ്യമിടുന്ന 'മിഷൻ അമൃത് സരോവറി'നെപ്പറ്റി ഒരു റിപ്പോർട്ട്.

.......വോയ്സ്.....

2022-ൽ ആരംഭിച്ച മിഷൻ അമൃത് സരോവർ, ഓരോ ജില്ലയിലും 75 ജലാശയങ്ങൾ നിർമ്മിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ആവിഷ്ക്കരിച്ച മുൻനിര പദ്ധതിയാണ്. ഓരോ അമൃത് സരോവറും ഒരു ഏക്കറെങ്കിലും വിസ്തൃതവും, പതിനായിരം ക്യുബിക് മീറ്റർ ജലസംഭരണ ശേഷിയും ഉള്ളവയാണ്.

പ്രഗതി വഴി കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന ഗവൺമെന്റുകൾ, ജില്ലാ ഭരണകൂടങ്ങൾ എന്നിവയിലെ മുതിർന്ന ഉദ്യോഗസ്ഥരെ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഒന്നിച്ച് കൊണ്ടുവന്ന് മിഷൻ അമൃത് സരോവറിന്റെ പുരോഗതി ദേശീയ തലത്തിൽ പതിവായി അവലോകനം ചെയ്തു. ഭൂമി ലഭ്യത, വകുപ്പുകൾക്കിടയിലെ ഏകോപനം, ഫണ്ട് വിതരണം തുടങ്ങിയ പ്രശ്നങ്ങളിൽ വേഗത്തിൽ തീരുമാനമെടുക്കലും ഫലപ്രദമായ പരിഹാരവും സാധ്യമാക്കി. 2023 ഓഗസ്റ്റ് 15-നകം 50,000 അമൃത് സരോവറുകൾ നിർമ്മിക്കുക എന്നതായിരുന്നു ലക്ഷ്യം. രാജ്യത്തുടനീളം ഇതുവരെ 68,000-ലധികം അമൃത് സരോവറുകൾ പൂർത്തിയായി. പദ്ധതിയെ കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രഗതി അവലോകനങ്ങൾ എല്ലാ മന്ത്രാലയങ്ങൾക്കിടയിലും ഏകോപനം ശക്തിപ്പെടുത്തി.

✪✪✪

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിലെ വേതന പരിധി പുതുക്കുന്നതിൽ നാലു മാസത്തിനകം തീരുമാനമെടുക്കാൻ സുപ്രീംകോടതി കേന്ദ്രത്തിനും EPFO യ്ക്കും നിർദ്ദേശം നൽകി. കഴിഞ്ഞ 11 വർഷമായി വേതന പരിധിയിൽ മാറ്റം വരുത്തിയിരുന്നില്ല. 15,000 രൂപയാണ് പദ്ധതിയിൽ വേതനപരിധി. പൊതുതാത്പര്യ ഹർജിയിലാണ് ഡിവിഷൻബെഞ്ചിന്റെ നിർദ്ദേശം.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ.L.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. കോട്ടയം IIMC സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വിദ്യാർത്ഥികളുമായി സംവദിക്കും. വൈകിട്ട് K P S മേനോൻ ഹാളിൽ കേരള കൗമുദി സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുത്ത ശേഷം ഡോ. മുരുഗൻ കോയമ്പത്തൂരിലേക്ക് മടങ്ങും.

✪✪✪

സംഘർഷാവസ്ഥ നിലനിൽക്കുന്ന ഇറാനിലേക്ക് അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് പൗരന്മാരോട് കേന്ദ്ര വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു.

പ്രതിഷേധ പ്രകടനങ്ങളോ സമരങ്ങളോ ഉണ്ടാകുന്ന പ്രദേശത്ത് നിന്ന് ഇന്ത്യൻ പൗരന്മാരും ഇന്ത്യൻ വംശജരും വിട്ടു നിൽക്കണം.

ടെഹ്റാനിലെ ഇന്ത്യൻ എംബസിയുടെ വെബ്സൈറ്റും സോഷ്യൽ മീഡിയ ഹാന്റിലുകളും ശ്രദ്ധിക്കണമെന്നും, നിർദേശങ്ങൾ പാലിക്കണമെന്നും മന്ത്രാലയം നിർദേശിച്ചു.

✪✪✪

അർഹരായ മുഴുവൻ പേരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾക്ക് ഗവൺമെന്റ് തീരുമാനമെടുത്തു. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക്  നിർദ്ദേശം നൽകി. രേഖകൾക്ക് ഫീസ് ഈടാക്കില്ല.

ആവശ്യമായ സ്ഥലങ്ങളിലെല്ലാം ഹിയറിംഗ് കേന്ദ്രങ്ങൾ സജ്ജീകരിക്കാനും, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാനും ജില്ലാ കളക്ടർമാർക്ക് ചുമതല നൽകി.  ഓൺലൈനായി ഫോമുകൾ സമർപ്പിക്കാൻ എല്ലാ സഹായ കേന്ദ്രങ്ങളിലും സൗകര്യമേർപ്പെടുത്തു.  അക്ഷയ സെന്ററുകൾ ഇതിന് ഈടാക്കുന്ന ഫീസ് ലഘൂകരിക്കാൻ IT വകുപ്പിനും ഗവൺമെന്റ് നിർദേശം നൽകി.

✪✪✪

തിരുവനന്തപുരത്ത് അനുവദിച്ച ദേശീയ ഫിഷറീസ് വികസന ബോർഡ് പ്രാദേശിക കേന്ദ്രത്തിന്റെ പ്രാഥമിക നടപടിക്രമങ്ങൾ കാലതാമസമില്ലാതെ പൂർത്തിയാക്കാൻ ശ്രമങ്ങളാരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തിരുവനന്തപുരം സന്ദർശനത്തിനു മുമ്പ് ഇത്  പൂർത്തിയാക്കാനാണ് തീരുമാനം.

ഇന്നലെ ഹൈദരാബാദിൽ ചേർന്ന NFDB യോഗത്തിലാണ് തിരുവനന്തപുരത്ത് പ്രാദേശിക കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചത്. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പ്രത്യേക താത്പര്യമെടുത്താണ് തിരുവനന്തപുരത്ത് കേന്ദ്രം സ്ഥാപിക്കുന്നത്.

✪✪✪

സുൽത്താൻബത്തേരിയിൽ KPCC യുടെ  'ലക്ഷ്യ ലീഡർഷിപ്പ് സമ്മിറ്റ് ' സമാപിച്ചു. ശക്തമായ ഭരണവിരുദ്ധ വികാരമാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന് ക്യാമ്പ് വിലയിരുത്തി. ഇതേവിജയം നിയമസഭാ തിരഞ്ഞെടുപ്പിലും ആവർത്തിക്കുമെന്നാണ് വിശ്വസിക്കുന്നതെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് പറഞ്ഞു.

തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ചവരുടെയും, സ്ഥാനാർത്ഥികളുടെയും പങ്കാളിത്തത്തോടെ ഈ മാസം 19 ന് മഹാപഞ്ചായത്ത് സംഘടിപ്പിക്കുമെന്നും പരിപാടി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷ നേതാവ് VD സതീശൻ നേതൃത്വം നൽകുന്ന UDF യാത്ര ഫെബ്രുവരി ആറിന് തുടങ്ങുമെന്നും സണ്ണി ജോസഫ് അറിയിച്ചു.

✪✪✪

UDF ലെ സീറ്റ് വിഭജനം ഈ മാസം 15 നു മുൻപ് പൂർത്തിയാക്കാനാണ് മുന്നണി തീരുമാനമെന്ന് മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം കോഴിക്കോട്ട് പറഞ്ഞു. മുസ്ലീം ലീഗ് പ്രവർത്തക സമിതി യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ലീഗിന് കൂടുതൽ സീറ്റുകൾക്ക് അർഹതയുണ്ടെന്നും, ഇതിന് മുന്നോടിയായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്നും സലാം അറിയിച്ചു.

സീറ്റുകൾ വെച്ചുമാറുന്ന കാര്യവും ചർച്ച ചെയ്യും. പുതിയ കക്ഷികൾ മുന്നണിയിലേക്ക് വന്നാൽ ലീഗ് വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുമെന്നും PMA സലാം വ്യക്തമാക്കി.

✪✪✪

ഒമ്പതാമത് സിദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിക്കും. സംസ്ഥാന ആയുഷ് വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ കേരള എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ദിനാചരണം.

'ലോകാരോഗ്യത്തിന് സിദ്ധ വൈദ്യശാസ്ത്രം' എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ദിനാചരണം. ദിനാചരണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട് .

✪✪✪

നാലാമത് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഫെസ്റ്റിവൽ ഓഫീസ് രാവിലെ മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ പുസ്തകോത്സവം ഡയറക്ടറിയും, ഫെസ്റ്റിവൽ സോംഗും പ്രകാശനം ചെയ്യും. വൈകിട്ട് നിയമസഭാ സമുച്ചയത്തിലെ വൈദ്യുതാലങ്കാരം സ്പീക്കർ AN ഷംസീർ സ്വിച്ച് ഓൺ ചെയ്യും. നാളെ മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിലാണ് പുസ്തകോത്സവം.

✪✪✪

തിരൂർ തുഞ്ചൻ പറമ്പിൽ തുഞ്ചൻ ഉത്സവം ഇന്ന് സമാപിക്കും. രാവിലെ റെയിൽവേ അനുഭവങ്ങളെപ്പറ്റി എഴുത്തുകാരായ വൈശാഖനും, TD രാമകൃഷ്ണനും ഓർമകൾ പങ്കുവെയ്ക്കും. തുടർന്ന് 'നിർമിതബുദ്ധി കാലത്തെ സർഗാത്മകത' എന്ന വിഷയത്തിലും, ഉച്ചകഴിഞ്ഞ് 'നിർമിത വാർത്ത: ശരിയും തെറ്റും' എന്ന വിഷയത്തിലും സെമിനാർ നടത്തും. വൈകിട്ട് രാമു കാര്യാട്ടിന്റെ 'ചെമ്മീൻ' ചിത്രം പ്രദർശിപ്പിക്കും.

✪✪✪

അണ്ടർ -19 യൂത്ത് ക്രിക്കറ്റ് രണ്ടാം ഏകദിനത്തിലും ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി. എട്ട് വിക്കറ്റിനാണ് ഇന്ത്യയുടെ വിജയം. മൂന്ന് മത്സര പരമ്പരയിൽ ഇന്നലെ ബെനോലിയിലെ വില്ലോമൂർ പാർക്കിൽ മഴനിയമപ്രകാരമാണ് ഇന്ത്യ ജേതാക്കളായത്. മഴയെത്തുടർന്ന് 27 ഓവറായി മത്സരം ചുരുക്കിയിരുന്നു.

✪✪✪

വാരാണസിയിൽ ദേശീയ വോളി ബോൾ ചാമ്പ്യൻഷിപ്പ് പുരുഷവിഭാഗത്തിൽ നിലവിൽ ചാമ്പ്യന്മാരായ കേരളം ദാമൻ ദിയുവിനെ തോൽപ്പിച്ചു. ആദ്യകളിയിൽ നാഗാലാൻഡിനെതിരേ കേരളത്തിന് വാക്കോവർ ലഭിച്ചിരുന്നു. വനിതകളുടെ ആദ്യമത്സരത്തിൽ കേരളം ഹിമാചൽ പ്രദേശിനെയും തോൽപ്പിച്ചു.

✪✪✪

മലേഷ്യ ഓപ്പൺ -2026 ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം ഒളിമ്പ്യൻ PV സിന്ധു ഇന്ന് മത്സരത്തിനിറങ്ങും. മാളവിക ബെൻസോദ്, ഉന്നതിഹൂഡ എന്നിവരും ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്.

പുരുഷ വിഭാഗത്തിൽ ലക്ഷ്യാസെൻ, ആയുഷ് ഷെട്ടി എന്നിവർ സിംഗിൾസിലും, ചിരാഗ്ഷെട്ടി-സാത്വിക് സായ് രാജ് രെങ്കിറെഡ്ഡി ഡബിൾസിലും മത്സരിക്കും. വനിതാ ഡബിൾസിൽ ട്രീസ ജോളി- ഗായത്രി ഗോപിചന്ദ് സഖ്യവും മത്സരിക്കും.

✪✪✪

രാഷ്ട്രീയക്കാരും മാധ്യമ പ്രവർത്തകരും ഒരുമിച്ചു പ്രവർത്തിച്ചാൽ മാത്രമേ ജനാധിപത്യവും നാടിന്റെ ബഹുസ്വരതയും കാത്തുസൂക്ഷിക്കാനാവൂ എന്ന് ഡോ. ശശി തരൂർ MP അഭിപ്രായപ്പെട്ടു. മലപ്പുറം പ്രസ് ക്ലബ്ബിന്റെ മാത്യു മണിമല സ്മാരക മാധ്യമ പുരസ്കാരം മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ മാത്യൂസ് വർഗീസിനു സമ്മാനിച്ചു സംസാരിക്കുകയായിരുന്നു ഡോ. തരൂർ.

✪✪✪

KSRTC ട്രാൻസ്പോർട്ട് കോർപറേഷനുകളുടെ പ്രവർത്തനലാഭത്തിൽ ഏറെ മുന്നിലാണെന്ന് മന്ത്രി KB.ഗണേഷ് കുമാർ പറഞ്ഞു. ശബരിമല സ്പെഷ്യൽ സർവീസിലൂടെ KSRTC കഴിഞ്ഞവർഷത്തേക്കാൾ രണ്ടേകാൽ കോടി രൂപയുടെ അധിക വരുമാനം നേടി. ഒരു ദിവസത്തെ ശരാശരി വരുമാനം എട്ടര കോടി രൂപയായി വർധിച്ചെന്നും മന്ത്രി അറിയിച്ചു.

പത്തനാപുരം ഡിപ്പോയിൽ നിന്ന്, വർക്കല ശിവഗിരി ലിങ്ക് ഫാസ്റ്റ് പാസഞ്ചർ, കടയ്ക്കൽ-തിരുവനന്തപുരം ലിങ്ക് ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോട്ടയം, എറണാകുളം ജില്ലകളിലും, കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ അപേക്ഷ ക്ഷണിച്ചു. ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരങ്ങൾ newson air, prasar bharati വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31 ആണ്.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader: : അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO : ഷീബ*